(ബി) നോമിനി ഡയറക്ടർമാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇപ്പോൾ ഏതെല്ലാം സ്ഥാപനങ്ങളിൽ ആരെയെല്ലാം നോമിനി ഡയറക്ടർമാരായി നിയോഗിച്ചിട്ടുണ്ട്; ഇവരിൽ സർക്കാർ ഉദ്യോഗസ്ഥന്മാർ അല്ലാത്തവരെത്ര;

(ഡി) അവരെ നിയമിക്കാനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു കമ്പനിയുടെ പ്രധാനപ്പെട്ട തിരുമാനങ്ങളെല്ലാം എടുക്കുന്നത് കമ്പനിയുടെ ഡയറക്ടർ ബോർഡാണ്. ആയതിനാൽ കെ. എസ്. ഐ. ഡി. സി.-യുടെ നോമിനി ഈ ബോർഡിൽ അംഗമാകയാൽ കമ്പനി എടുക്കുന്ന തീരുമാനങ്ങളെക്കുറിച്ചും കമ്പനിയുടെ നടത്തിപ്പിനെക്കുറിച്ചും കെ. എസ്. ഐ. ഡി. സി.-യിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ച സ്ഥാപനങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നും കെ. എസ്. ഐ. ഡി. സി.-ക്ക് അറിയുവാൻ സാധിക്കും.

(ബി) നോമിനി ഡയറക്ടർമാർക്ക് സിറ്റിംഗ് ഫീസും യാത്രാബത്തയും ലഭിക്കും. അവയിൽ കെ. എസ്. ഐ. ഡി. സി. ഉദ്യോഗസ്ഥന്മാരായ ഡയറക്ടർമാർക്ക് ലഭിക്കുന്ന സിറ്റിംഗ് ഫീസ് കോർപ്പറേഷനാണ് ലഭിക്കുന്നത്.

(സി) ലിസ്റ്റ് അനുബന്ധമായി നൽകിയിരിക്കുന്നു.† ആകെയുള്ള 39 നോമിനി ഡയറക്ടർമാരിൽ ഇപ്പോൾ സർക്കാർ സർവ്വീസിലോ കെ. എസ്. ഐ. ഡി. സി. സർവ്വീസിലോ ഇല്ലാത്തവർ 16 പേർ മാത്രമാണ്.

(ഡി) ചോദ്യം (എ)-യുടെ മറുപടിയിൽ സൂചിപ്പിച്ച കാര്യങ്ങളാണ് നോമിനി ഡയറക്ടർമാരെ നിയമിക്കാനുള്ള കാരണം. കൂടുതൽ കമ്പനികളുള്ളതിനാൽ കെ. എസ്. ഐ. ഡി. സി.-യിലെ ഉദ്യോഗസ്ഥന്മാർക്കു പുറമേ മറ്റുള്ളവരെ നിയമിക്കാറുണ്ട്. അങ്ങനെ ഉള്ളവരെ നോമിനി ആയി വയ്ക്കുമ്പോൾ അവരുടെ വ്യവസായത്തിലുള്ള പരിചയവും മാനേജ്മെന്റ് വൈദഗ്ധ്യവും ആണ് നോക്കുക. അതിൽ ചുരുക്കം ചിലർ മാത്രമാണ് സർക്കാർ ജീവനക്കാർ.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ നിയമനം

37 [3045] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്രയാളുകളെ നിയമിച്ചു;

(സി) ആരേയും നിയമിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) വ്യവസായ വകുപ്പിൽ നിന്ന് പ്രൊമോഷൻ വഴി എത്രയാളുകളെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ആഫീസർ ആയി നിയമിച്ചു;

(എഫ്) പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് എത്ര ശതമാനം തസ്തികകളാണ് നിശ്ചയിച്ചിട്ടുള്ളത്;

(ജി) ഈ വ്യവസ്ഥ പാലിച്ചുകൊണ്ടാണോ പ്രൊമോഷൻ വഴി നിയമനം നടത്തിയിട്ടുള്ളത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ ഒന്നും നിലവിലില്ല.

(ബി) നിയമനം നടത്തിയിട്ടില്ല.

(സി) നിയമനം നടത്തുന്നതിൽ ഹൈക്കോടതി നിർദ്ദേശം തടസ്സമുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) 190 പേരെ നിയമിച്ചിട്ടുണ്ട്.

(എഫ്) മൊത്തം ഒഴിവുകളുടെ 70% പ്രൊമോഷൻ വഴിയാണ് നികത്തുന്നത്.

(ജി) പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് കോടതി വിലക്കുള്ളതിനാൽ വ്യവസ്ഥ പാലിക്കുന്നതിന് സാധിച്ചിട്ടില്ല.

കെ. എസ്. ഐ. ഇ., കിൻഫ്ര., കെ. എസ്. ഐ. ഡി. സി., ടെക്നോപാർക്ക് എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

38 [3046] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ. എസ്. ഐ. ഇ., കിൻഫ്ര., കെ. എസ്. ഐ. ഡി. സി., ടെക്നോപാർക്ക് എന്നീ സ്ഥാപനങ്ങളിൽ ക്ലാസ് 1, 2 വിഭാഗത്തിൽ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly